(ബി) ബയോഗ്യാസ് ഉത്പാദനത്തിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമായി അംഗീകൃത ടേൺകീ ഏജന്റുമാർ മുഖേന അനെർട്ട് സ്ഥാപിച്ച് നൽകുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 5 വർഷത്തെ പ്രവർത്തനക്ഷമത ഉറപ്പാക്കുന്നുണ്ട്.

(സി) അഞ്ചുവർഷ കാലയളവിലുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ടേൺകീ ഏജന്റുമാർക്ക് അംഗീകാരം നൽകുന്ന സമയത്ത് അവരിൽനിന്നും നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഗാരന്റി വാങ്ങുകയും പരാതികൾ ഉണ്ടാകുന്നപക്ഷം അവ യഥാസമയം പരിഹരിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

43(2031) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കുമോ ;

(ബി) മാവേലിക്കരയിലെ പ്രധാന ജംഗ്ഷനുകളായ മിച്ചൽ ജംഗ്ഷൻ, ചാരുംമൂട്, പടനിലം എന്നിവിടങ്ങളിൽ ഭൂഗർഭ ലൈൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിതരണ വിഭാഗത്തിൽ മാവേലിക്കര മണ്ഡലത്തിൽ 7421 പേർക്ക് സർവ്വീസ് കണക്ഷനുകൾ നൽകുകയും 58 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 93 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 70 കീ.മി. എൽ.റ്റി. ലൈൻ വലിക്കുകയും ചെയ്തിട്ടുണ്ട്. പ്രസരണ വിഭാഗത്തിന്റെകീഴിൽ 2012 ജൂൺ മാസംമുതൽ വള്ളികുന്നം 33 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്ത് പ്രവർത്തനം നടന്നുവരുന്നു.

(ബി) ഭൂഗർഭലൈൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

ടെലിസ്കോപിക് വൈദ്യുതി നിരക്ക്

44(2032) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഉപയോഗിച്ചിരുന്ന വൈദ്യുതി നിരക്ക് ടെലിസ്കോപിക് നിരക്കിലാണോ ഇപ്പോൾ കണക്കാക്കുന്നത് ; അല്ലെങ്കിൽ എന്തുകൊണ്ട് ഇങ്ങനെ ചെയ്യുന്നില്ലെന്ന് വിശദമാക്കുമോ ;

(ബി) ടെലിസ്കോപിക് നിരക്കിലല്ലാ ഇപ്പോൾ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതെങ്കിൽ, ഇത് ടെലിസ്കോപിക് നിരക്കിൽ ആക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി ബോർഡിൽ എത്ര തരം ഉപഭോക്താക്കളുണ്ട് ;. ഇവർ ഓരോരുത്തർക്കും ഓരോ യൂണിറ്റ് വൈദ്യുതിക്കും ഈടാക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ ;

(ഡി) ഇവർ ഓരോ വിഭാഗവും 2014-15 വർഷം ഉപയോഗിച്ച വൈദ്യുതി എത്ര യൂണിറ്റെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പ്രതിമാസം 250 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ടെലിസ്കോപിക് നിരക്കിലും പ്രതിമാസം 250 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് നോൺ-ടെലിസ്കോപിക് നിരക്കിലുമാണ് ബിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

ടെലിസ്കോപിക് സമ്പ്രദായത്തിലെ താഴ്ന്ന സ്ലാബുകളിലെ കുറഞ്ഞ നിരക്കിലുള്ള ആനുകൂല്യം ഉയർന്ന സ്ലാബുകളിൽ ഉപയോഗിക്കുന്നവർക്ക് (നിലവിൽ പ്രതിമാസം 250 യൂണിറ്റ് വരെ) ലഭിക്കുന്നുണ്ട്.

താഴ്ന്ന സ്ലാബുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ബോർഡിന്റെ ശരാശരി വൈദ്യുതി ചെലവിൽനിന്നും സബ്സിഡി നൽകി കുറഞ്ഞ നിരക്കിലാണ് വൈദ്യുതി നൽകുന്നത്. പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ടെലിസ്കോപിക് നിർക്കിലാണ് വൈദ്യുതി നൽകുന്നത്. നിലവിലുള്ള 90 ലക്ഷത്തിൽ പുറത്തുവരുന്ന ഗാർഹിക ഉപഭോക്താക്കളിൽ 88 ലക്ഷം ഗാർഹിക ഉപഭോക്താക്കളുടെയും പ്രതിമാസ ശരാശരി ഉപയോഗം 250 യൂണിറ്റിൽ താഴെയാണ്. അതായത് മൊത്തം ഗാർഹിക ഉപഭോക്താക്കളിൽ 96% ഉപഭോക്താക്കളെയും ടെലിസ്കോപിക് നിരക്കിലാണ് ബിൽ ചെയ്യുന്നത്.

(സി) വൈദ്യുതി ബോർഡിലെ വിവിധതരം ഉപഭോക്താക്കളുടെയും ഓരോ യൂണിറ്റ് വൈദ്യുതിക്ക് അവരിൽനിന്ന് ഈടാക്കുന്ന ചാർജ്ജുകളെപ്പറ്റിയുമുള്ള വിശദാംശങ്ങൾ അനുബന്ധം - I ആയി കൊടുത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള വിവിധ വിഭാഗം ഉപഭോക്താക്കളുടെ 2014-15-ലെ ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - II ആയി കൊടുത്തിരിക്കുന്നു.*

സമ്പൂർണ്ണ വൈദ്യുതീകരണം

45(2033) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമെന്ന പദവിയിലെത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്നത്തേക്ക് ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വൈദ്യുതി കണക്ഷനുവേണ്ടി എത്ര അപേക്ഷകളാണ് നിലവിൽ ബോഡിന് ലഭിച്ചിട്ടുള്ളത് ; ഈ അപേക്ഷകർക്കെല്ലാം എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയും ; അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(സി) ഇതിൽ സൗജന്യ വൈദ്യുതി കണക്ഷന് അർഹതയുള്ള അപേക്ഷകരുടെ എണ്ണം എത്രയാണ് ;

(ഡി) ഈ അപേക്ഷകർക്കെല്ലാം വൈദ്യുതി നൽകാൻ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വേണ്ടിവരും ; ഈ വൈദ്യുതി എങ്ങനെ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻദയാൽ ഉപാധ്യായ ഗ്രാമയോജന പദ്ധതി, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെയാണ് സമ്പൂർണ്ണ വൈദ്യുതീകരണം സംസ്ഥാനത്ത് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. ആർ.ജി.ജി.വി.വൈ. പദ്ധതിയനുസരിച്ച് 57356 പുതിയ കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 92175 പുതിയ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ഇപ്പോൾ പുതുതായി നിലവിൽവന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന പദ്ധതി പ്രകാരം നിർദ്ധനർക്ക് ഏകദേശം ഒരുലക്ഷം കണക്ഷനുകളും നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം, പദ്ധതി നടത്തിപ്പ് ടേൺ കീ അടിസ്ഥാനത്തിലാണെങ്കിൽ പൂർത്തീകരണ കാലാവധി 24 മാസവും കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വയം നടത്തുകയാണെങ്കിൽ ടി കാലാവധി 30 മാസവുമായി നിഷ്കർഷിച്ചിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly